**അഭിമുഖം**

# സദ്റുദ്ദീൻ ഇസ്‌ലാഹിയുടെ കൂടെ

പ്രഗത്ഭനായ പണ്ഡിതനും ഗ്രന്ഥകർത്താവുമാണ് മൗലാനാ സദ്റുദ്ദീൻ ഇസ്‌ലാഹി. ജാഅത്തെ ഇസ്‌ലാമിയുടെ രൂപീകരണത്തിനു മുമ്പുതന്നെ മൗലാനാ മൗദൂദിയുമായി സഹകരിച്ചു പ്രവർത്തിക്കാൻ ഭാഗ്യം സിദ്ധിച്ച ചുരുക്കം പേരിലൊരാളാണദ്ദേഹം. 1938-ൽ സ്ഥാപിതമായ ഇദാറ ദാറുൽ ഇസ്‌ലാമിന്റെ അഞ്ചു സ്ഥാപക മെമ്പർമാരിൽ ഒരാൾ സദ്റുദ്ദീൻ ഇസ്‌ലാഹിയായിരുന്നു. പ്രസ്തുത അഞ്ചംഗങ്ങളിൽ സദ്റുദ്ദീൻ ഇസ്‌ലാഹിക്കു പുറമെ മൗലാനാ അബ്ദുൽ അസീസ് ശർഖി മാത്രമേ ഇന്നു ജീവിച്ചിരുപ്പുള്ളൂ. സദ്റുദ്ദീൻ ഇസ്‌ലാഹിയുടെ ഗ്രന്ഥങ്ങളിൽ മിക്കതും ഇസ്‌ലാമിക പ്രസ്ഥാനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നവയാണ്. പ്രസ്ഥാനത്തെ ഇത്ര ഉൾകാഴ്ചയോടെ ഗ്രഹിച്ച മറ്റൊരു പണ്ഡിതൻ ഒരുപക്ഷേ, ജമാഅത്തിലുണ്ടാവുകയില്ല. ഇരുപത്തഞ്ചോളം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അവയിൽ ഖുർആനെ പരിചയപ്പെടുക, ഇസ്‌ലാം ഒറ്റനോട്ടത്തിൽ എന്നീ കൃതികൾ മലയാളത്തലേക്കു വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു. കുറച്ചു കാലമായി അനാരോഗ്യം മൂലം പ്രസ്ഥാന പ്രവർത്തനങ്ങളിൽ സജീവമായ പങ്കാളിത്തം വഹിക്കാനാവാതെ, അഅ്സംഗഢിലെ ഫുൽപൂരിൽ തന്റെ മൂത്ത പുത്രനോടൊപ്പം വിശ്രമജീവിതം നയിക്കുകയാണ് സദ്റുദ്ദീൻ സാഹിബ്.

സെപ്റ്റംബർ ഒന്നാം തിയതി രാത്രി എട്ടു മണിക്കാണ് ഈയുള്ളവൻ ഫുൽപൂരിലെത്തിയത്. റോഡരുകിൽ തന്നെയാണ് സദ്റുദ്ദീൻ സാഹിബിന്റെ വീട്. പ്രതീക്ഷകളോടെ വീട്ടിലേക്കു കയറിച്ചെന്ന് സ്വയം പരിചയപ്പെടുത്തി. ജമാഅത്തെ ഇസ്‌ലാമിയുടെ അൻപതാം വാർഷികത്തോടനുബന്ധിച്ച് 'പ്രബോധനം' വാരിക പുറത്തിറക്കുന്ന സ്പെഷൽ പതിപ്പിലേക്ക് മൗലാനയുമായുള്ള ഒരഭിമുഖം എടുക്കുവാനാണ് വന്നതെന്നറിയിച്ചു. പക്ഷേ, സംസാരിക്കുവാനോ എഴുതാനോ ഒന്നും പറ്റാത്ത ഒരവസ്ഥയിലായിരുന്നു അപ്പോഴദ്ദേഹം. വളരെ പ്രയാസപ്പെട്ടുകൊണ്ടാണ് ഏതാനും വാക്കുകൾ, തന്റെ നിസ്സഹായത പ്രകടിപ്പിക്കുവാനായി അദ്ദേഹം സംസാരിച്ചതു തന്നെ. 'നിങ്ങളുടെ ചോദ്യങ്ങൾ ഉർദുവിൽ എഴുതിത്തന്നാൽ, അല്ലാഹു അനുഗ്രഹിച്ച് അൽപം ആശ്വാസം കിട്ടുമ്പോൾ മറുപടി എഴുതി അയക്കാൻ ശ്രമിക്കാം' -അദ്ദേഹം പറഞ്ഞു. ഞാൻ ചോദ്യങ്ങൾ ഉറുദുവിലെഴുതി. മൗലാനാ എടുത്തു തന്ന ഒരു കവറിൽ എന്റെ അഡ്രസും കുറിച്ചുകൊടുത്തു. പിറ്റേദിവസം രാവിലെയാണ് അവിടെനിന്നു മടങ്ങിയത്.

ഒക്ടോബർ 15-ന് ഒരു രജിസ്ട്രർ കത്ത് കൈപറ്റി. തുറന്നു നോക്കിയപ്പോൾ സദ്റുദ്ദീൻ സാഹിബിന്റെ കത്ത്:

"പ്രിയ സഹോദരാ,

നിങ്ങൾ വന്നപ്പോഴുണ്ടായിരുന്ന അതേ അവസ്ഥയിൽ തന്നെയാണ് ഞാൻ. എഴുതാനോ വായിക്കാനോ ഒന്നും സാധ്യമല്ല. അതിനാൽ, കിടന്ന കിടപ്പിൽ എഴുതാൻ സാധിച്ചത് എഴുതി അയക്കുകയാണ്. കൈപ്പറ്റിയ ഉടനെ വിവരം അറിയിക്കുമല്ലോ. പ്രസക്തിയില്ലാത്തതും സംശയത്തിനിടവരുത്തുന്നതുമായ ചോദ്യങ്ങൾക്കു മറുപടി എഴുതിയിട്ടില്ല.

എന്ന്

സദ്റുദ്ദീൻ.

ചോദ്യം: ആദ്യമായി താങ്കളെക്കുറിച്ചു തന്നെ ഒരു വിവരം തരാമോ? താങ്കളുടെ ജനനം, വിദ്യാഭ്യാസം, കുടുംബം തുടങ്ങിയവ...

ഉത്തരം: 1916-ൽ അഅ്സംഗഢിലാണ് ഞാൻ ജനിച്ചത്. ജനനത്തീയതി കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ജലീൽ അഹ്മദ് എന്നായിരുന്നു പിതാവിന്റെ പേര്. ബന്താവയിലെ പ്രൈമറി സ്കൂളിലും ബൽറിയാഗഞ്ചിലെ മിഡിൽ സ്കൂളിലുമായി പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. 1929-ൽ മിഡിൽ സ്കൂളിൽനിന്ന് വിരമിച്ച കാലത്താണ് എന്റെ മാതാവ് മരണമടഞ്ഞത്. മതഭക്തയായ ഒരു നല്ല സ്ത്രീയായിരുന്നു അവർ. ഞാൻ ഒരു ഹാഫിസ് (ഖുർആൻ ഹൃദിസ്തമാക്കിയ ആൾ) ആകണമെന്നായിരുന്നു ഉമ്മയുടെ മോഹം. എന്നാൽ, അവരുടെ ആഗ്രഹം മറ്റൊരു വിധത്തിൽ പൂർത്തീകരിക്കാൻ ഞാൻ തീരുമാനിച്ചു. അങ്ങനെ ആ വർഷംതന്നെ സറായ്മീറിലെ പ്രശസ്തമായ മദ്രസത്തുൽ ഇസ്‌ലാഹിൽ ചേർന്നു. 1937-ലാണ് അവിടെനിന്നു പഠനം പൂർത്തിയാക്കി പുറത്തിറങ്ങിയത്.

ഞങ്ങളുടെ പ്രദേശം സാമ്പത്തികമായി കടുത്ത പ്രയാസം അനുഭവിക്കുന്ന കാലമായിരുന്നു അത്. രണ്ടറ്റം മുട്ടിച്ചുപോകാൻ കഴിയുന്ന കുടുംബങ്ങൾ വിരലിലെണ്ണാവുന്നവ മാത്രമായിരുന്നു. അക്കാലത്ത് ഞങ്ങളുടെ ഗ്രാമങ്ങളിൽനിന്നു പലരും ജോലി തേടി റങ്കൂണിൽ പോയിരുന്നു. എന്റെ പിതാവും രണ്ടു സഹോദരന്മാരും റങ്കൂണിലായിരുന്നു. 1941-ൽ മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹിയുടെ നിർദേശപ്രകാരം ഞാനും റങ്കൂണിൽ പോയി അവിടെ ഒരു മദ്രസയിൽ അധ്യാപകനായി ചേർന്നു. ഞങ്ങൾ മൂന്നു സഹോദരന്മാരും മൂന്നു സഹോദരികളുമാണ്. മൂത്ത രണ്ടു സഹോദരന്മാരും മൂത്ത സഹോദരിയും മരിച്ചുപോയി. ചെറിയ സഹോദരൻ വീട്ടിലുണ്ട്. എനിക്കും മൂന്ന് ആൺകുട്ടികളും മൂന്നു പെൺകുട്ടികളുമാണ്. മൂത്ത മകൻ എം.എ. ഖാൻ റാംപൂരിലെ സാനവി ദർസ്ഗാഹിൽനിന്നു പഠനം പൂർത്തിയാക്കിയശേഷം എം.ബി.ബി.എസ് എടുത്ത് ഇപ്പോൾ ഫുൽപൂരിൽ പ്രാക്ടീസ് ചെയ്യുന്നു. രണ്ടാമത്തെ മകൻ രിസ്‌വാൻ അഹ്മദ് ഫലാഹി, ജാമിഅത്തുൽ ഫലാഹിൽനിന്നു ബിരുദമെടുത്തശേഷം മദീനാ യൂനിവേഴ്സിറ്റിയിൽ ഉപരിപഠനം നടത്തി ഇപ്പോൾ ലണ്ടനിലെ ഇസ്‌ലാമിക് മിഷനിൽ ജോലി ചെയ്യുകയാണ്. ഇളയ മകൻ ഫർഹാൻ അഹ്മദ് ഫാഹിയും ജാമിഅത്തുൽ ഫലാഹിൽനിന്നാണ് ബിരുദമെടുത്തത്. ഇപ്പോൾ ഇസ്‌ലാമാബാദിലെ ഇന്റർനാഷനൽ ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയിൽ പി.എച്ച്.ഡിക്ക് പഠിക്കുന്നു. പെൺകുട്ടികൾ മൂന്നു പേരുടെയും വിവാഹം കഴിഞ്ഞിട്ടുണ്ട്.

ചോദ്യം: നിങ്ങൾ സറായെമീറിൽ പഠിക്കുമ്പോൾ ആരെല്ലാമായിരുന്നു നിങ്ങളുടെ അധ്യാപകർ?

ഉത്തരം: മൗലാനാ മുഹമ്മദ് സഊദ് നദ്‌വി, മൗലാനാ അബ്ദുസ്സമദ് നദ്‌വി, അഹ്‌ലെ ഹദീസ് പണ്ഡിതനായ മൗലാനാ ഹകീം മുഹമ്മദ് അഹ്മദ്, മൗലാനാ ശിബ്‌ലി നദ്‌വി, മൗലാനാ അക്ബർ അഹ്സൻ ഇസ്‌ലാഹി, മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹി എന്നിവരെല്ലാം എന്റെ അധ്യാപകരായിരുന്നു.

ചോദ്യം: പ്രശസ്ത ഖുർആൻ വ്യാഖ്യാതാവ് മൗലാനാ ഹാമിദുദ്ദീൻ ഫറാഹിയുടെ ശിഷ്യനായി താങ്കളെ വിശേഷിപ്പിച്ചുകണ്ടിട്ടുണ്ടല്ലോ.

ഉത്തരം: ഇമാമുൽ മുഫസ്സിരീൻ മൗലാനാ ഹാമിദുദ്ദീൻ ഫറാഹിയുടെ ശിഷ്യനായി എന്നെ വിശേഷിപ്പിക്കാറുണ്ട്. പക്ഷേ, ആ മഹാന്റെ നേരിട്ടുള്ള ശിഷ്യത്വം

ലഭിക്കുവാൻ എനിക്ക് ഭാഗ്യമുണ്ടായിട്ടില്ല. 1929 ആദ്യത്തിൽ, ഞാൻ മദ്രസത്തുൽ ഇസ്‌ലാഹിൽ വിദ്യാർഥിയായി ചേരുമ്പോൾ അല്ലാമാ ഫറാഹി അവിടെയുണ്ടായിരുന്നു. ഉർദു, പേർഷ്യൻ ക്ലാസിലായിരുന്നു എന്റെ പ്രവേശം. അറബിപഠനം ആരംഭിക്കുന്നതിന് മാസങ്ങൾക്കു മുമ്പ് അല്ലാമാ അന്തരിച്ചു. അതിനാൽ അദ്ദേഹത്തിന്റെ നേരിട്ടുള്ള ശിഷ്യത്വം കരസ്ഥമാക്കാൻ എനിക്കു സാധിച്ചില്ല. അല്ലാമാ ഫറാഹിയുടെ ചിന്തകളെ ഉൾകൊണ്ടത് അദ്ദേഹത്തിന്റെ ശിഷ്യൻമാരിലൂടെയും അദ്ദേഹത്തിന്റെ പ്രകാശിതവും അപ്രകാശിതവുമായ ഗ്രന്ഥങ്ങളിലൂടെയുമാണ്.

ചോദ്യം: താങ്കളുടെ ജീവിതത്തിന്റെ വലിയൊരു ഭാഗം ഗ്രന്ഥരചനയിലാണല്ലോ കഴിഞ്ഞത്. എപ്പോഴാണ് എഴുത്തിൽ താൽപര്യം തുടങ്ങിയത്? ഇതുവരെയായി എത്ര ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്?

ഉത്തരം: അല്ലാഹു എഴുതുവാനുള്ള താൽപര്യം വിദ്യാർഥിയായിരിക്കത്തെന്നെ എനിക്ക് തന്നിരുന്നു. ഈ അഭിരുചി വളർത്തിയെടുക്കാൻ പറ്റിയ സാഹചര്യം മദ്രസത്തുൽ ഇസ്‌ലാഹിൽ ലഭിക്കുകയും ചെയ്തു. എന്റെ അച്ചടിക്കപ്പെട്ട ആദ്യലേഖനം വിവാഹത്തെക്കുറിച്ചുള്ളതായിരുന്നു. 1936-ൽ തർജുമാനുൽ ഖുർആനിലാണത് പ്രസിദ്ധീകരിച്ചത്.

1939-ൽ തർജുമാനിൽ പരമ്പരയായി പ്രസിദ്ധകരിക്കപ്പെട്ട നിഫാഖാണ് ആദ്യത്തെ പുസ്തകം. ഇതുവരെയായി ഇരുപത്തഞ്ചു കൃതികൾ എന്റേതായി പുറത്തുവന്നിട്ടുണ്ട്.

റാംപൂരിൽ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ ഗ്രന്ഥരചനാ ഡയറക്ടറായി ഞാൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്. അലീഗറിലെ 'ഇദാറെ തഹ്ഖീഖ് വ തസ്നീഫി'ന്റെ ഡയറക്ടറായും കുറേക്കാലം സേവനമനുഷ്ഠിച്ചു. എന്റെ കൃതികളിൽ ഏറ്റവും മികച്ചതായി ഞാൻ കരുതുന്നത് 'ദീൻ കാ ഖുർആനി തസവ്വുർ' (ഖുർആന്റെ മത സങ്കൽപം) എന്ന കൃതിയാണ്. ഇംഗ്ലീഷ് അടക്കം പല ഭാഷകളിലേക്കും ഇത് തർജമ ചെയ്യപ്പെട്ടിട്ടുണ്ട്.

ചോദ്യം: മൗലാനാ മൗദൂദിയുമായി പരിചയപ്പെട്ടതെങ്ങനെയാണ്?

ഉത്തരം: 1929 മുതൽ 1937 വരെ ഞാൻ മദ്രസത്തുൽ ഇസ്‌ലാഹിലാണ് പഠിച്ചിരുന്നതെന്ന് പറഞ്ഞുവല്ലോ. 1936 ൽ അപ്പന്റിസൈറ്റിസ് ബാധിച്ച് ചികിത്സയിൽ കഴിയിമ്പോഴാണ് ആദ്യമായ് 'തർജുമാനുൽ ഖുർആൻ' മാസിക കാണുന്നത്. എനിക്കത് വളരെ ഇഷ്ടപ്പെട്ടു. മദ്രസത്തുൽ ഇസ്‌ലാഹിലെ കൈയെഴുത്ത് പത്രത്തിൽ ഞാൻ പതിവായി എഴുതാറുണ്ടായിരുന്നു. ഉടനെത്തന്നെ വിവാഹത്തെക്കുറിച്ച് ഒരു ലേഖനമെഴുതി മൗദൂദിക്കയച്ചുകൊടുത്തു. അദ്ദേഹമത് തർജുമാനിൽ പ്രസിദ്ധീകരിച്ചു. പിന്നീട് 'മുസൽമാൻ ഔർ ഇമാമത്തെ ഖുബ്റാ' എന്ന തലക്കെട്ടിൽ ദീർഘമായ ഒരു ലേഖനം എഴുതി അയച്ചു. അതു കൈപ്പറ്റിയ ഉടനെ മൗദൂദി എന്നെ പ്രശംസിച്ചുകൊണ്ട് കത്തെഴുതുകയുണ്ടായി. പിന്നീട് അത് മൂന്നു ലക്കങ്ങളിലായി തർജുമാനുൽ ഖുർആനിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു (വാള്യം 10, ലക്കം 5, 6, 7). ഏതാനും മാസങ്ങൾക്കു ശേഷം മൗദൂദിയുടെ മറ്റൊരു കത്തു കിട്ടി. "തർജുമാനുൽ ഖുർആൻ ഹൈദരാബാദിൽനിന്ന് പഠാൻകോട്ടിലേക്ക് മാറ്റുകയാണ്. താങ്കൾക്കിഷ്ടമാണെങ്കിൽ പഠനം കഴിഞ്ഞശേഷം അവിടേക്കു വരിക" എന്നാണ് കത്തിൽ എഴുതിയിരുന്നത്. നിർദേശം എനിക്കു വളരെ ഇഷ്ടപ്പെട്ടു. 1938-ൽ മൗലാനാ മൗദൂദി പഠാൻകോട്ടിലേക്കു പോയി രണ്ടു മാസം കഴിഞ്ഞ് ഞാനും അവിടെയെത്തി.

ചോദ്യം: തർജുമാനുൽ ഖുർആനിൽ എന്തെല്ലാം ജോലികളാണ് താങ്കൾക്ക് ചെയ്യാനുണ്ടായിരുന്നത്?

ഉത്തരം: ലേഖനമെഴുതുക, പുസ്തക പരിചയമെഴുതുക എന്നിവയായിരുന്നു പ്രധാനം.

ചോദ്യം: ഇദാറ ദാറുൽ ഇസ്‌ലാമിനെക്കുറിച്ച് ഒന്ന് വിശദീകരിക്കാമോ?

ഉത്തരം: ഇദാറ ദാറുൽ ഇസ്‌ലാം എന്ന പേരിൽ ഔദ്യോഗികമായി ഒരു കമ്മിറ്റി രൂപീകരിച്ചത് 1938 ഒക്ടോബർ 14-നായിരുന്നു. വെള്ളിയാഴ്ച അസർ നമസ്കാരത്തിനു ശേഷം. അഞ്ചു പേരായിരുന്നു അതിന്റെ സ്ഥാപകാംഗങ്ങൾ. സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി, മേസ്ത്രി മുഹമ്മദ് സിദ്ദീഖ്, സയ്യിദ് മുഹമ്മദ് ഷാ, സയ്യിദ് അബ്ദുൽ അസീസ് ശർഖി, പിന്നെ ഈയുള്ളവനും. "ഇദാറ ദാറുൽ ഇസ്‌ലാം" രൂപീകരണത്തിനു വേണ്ടി ധാരാളം ആളുകൾക്കു കത്തെഴുതിയിരുന്നു. അതിന് കരട് ഭരണഘടന തയാറാക്കുന്നതിനും അന്തിമരൂപം കാണുന്നതിനും വേണ്ടി പന്ത്രണ്ടോളം പേരുള്ള ഒരു കമ്മിറ്റിയും രൂപീകരിച്ചിരുന്നു. ജമാഅത്തെ ഇസ്‌ലാമിയുടെ ആദിമ രൂപമായിരുന്നു ദാറുൽ ഇസ്‌ലാം എന്നു പറയാം. അതിന്റെ ഭരണഘടനയിൽ ഉള്ളതൊക്കെത്തന്നെയാണ് ജമാഅത്തെ ഇസ്‌ലാമിയുടെയും ഭരണഘടനയിലുണ്ടായിരുന്നത്.

1938-ലാണ് ഞാൻ 'ഇദാറ ദാറുൽ ഇസ്‌ലാമു'മായി ബന്ധപ്പെട്ടത്. ഒരു വർഷം കഴിഞ്ഞു ഞങ്ങൾക്ക് പഠാൻകോട്ടിൽനിന്ന് ഇദാറ ലാഹോറിലേക്ക് മാറ്റേണ്ടിവന്നു. ലാഹോറിലേക്കു പോകാൻ എനിക്കു സാധിച്ചില്ല. അതിനിടെ രണ്ടാം ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെട്ടിരുന്നു. 1941-ൽ റംഗൂണിൽ പോകുന്നത് വരെ ഞാൻ വീട്ടിൽതന്നെ കഴിഞ്ഞു. ഇദാറ ദാറുൽ ഇസ്‌ലാമിന്റെ അഞ്ചു സ്ഥാപകാംഗങ്ങളിൽ ഇപ്പോൾ ഞാനും അബ്ദുൽ അസീസ് ശർഖി സാഹിബും മാത്രമേ ജീവിച്ചിരിപ്പുള്ളൂ. ശർഖി സാഹിബ് മദീനയിലാണ് ഇപ്പോഴുള്ളത്. മേസ്ത്രി മുഹമ്മദ് സിദ്ദീഖ് സാഹിബായിരുന്നു മറ്റൊരാൾ. അല്ലാമാ ഹമീദുദ്ദീൻ ഫറാഹിയുടെ ശിഷ്യനായിരുന്നു അദ്ദേഹം. പഞ്ചാബിലെ കപൂർത്തല ജില്ലയിൽപെട്ട സുൽത്താൻ പൂരായിരുന്നു സ്വദേശം. 1947-ലെ വർഗീയ കലാപക്കാലത്ത് അദ്ദേഹം സ്വന്തം വീടിന്റെ പൂമുഖത്തിരിക്കുമ്പോൾ രണ്ടു സിക്കു യുവാക്കൾ കയറിവന്ന് കുടിക്കാൻ വെള്ളം ചോദിച്ചു. വെള്ളം കൊണ്ടുവരാനായി അദ്ദേഹം എഴുന്നേറ്റു ഒന്നു തിരിഞ്ഞതേയുള്ളൂ. പെട്ടെന്ന് രണ്ടു യുവാക്കളും ഒരുമിച്ച് പുറകിൽനിന്ന് വെടിയുതിർത്തു. ഇങ്ങനെയാണ് മേസ്ത്രി മുഹമ്മദ് സാഹിബിന്റെ അന്ത്യം സംഭവിച്ചത്. ദാറുൽ ഇസ്‌ലാമിന്റെ മറ്റൊരു സ്ഥാപകാംഗമായിരുന്ന സയ്യിദ് മുഹമ്മദ് ഷാ ജമാഅത്തെ ഇസ്‌ലാമി രൂപീകരിച്ചു ഏതാനും ദിവസം കഴിഞ്ഞപ്പോൾ തന്നെ മരണപ്പെട്ടുപോയിരുന്നു.

ചോദ്യം: ദാറുൽ ഇസ്‌ലാം രൂപീകരണത്തിൽ മൗദൂദിയോടൊപ്പം ഉണ്ടായിരുന്ന താങ്കൾ പക്ഷേ, ജമാഅത്തെ ഇസ്‌ലാമി രൂപീകരണത്തിൽ പങ്കെടുക്കാതിരുന്നത് എന്തുകൊണ്ടാണ്?

ഉത്തരം: 1941-ലാണല്ലോ ജമാഅത്തെ ഇസ്‌ലാമി രൂപീകരിക്കപ്പെട്ടത്. അന്ന് ഞാൻ രാജ്യത്തുണ്ടായിരുന്നില്ല. റങ്കൂണിലെ ഒരു മദ്രസയിൽ അധ്യാപകനായി ജോലിചെയ്യുകയായിരുന്നു ഞാനന്ന്. ജമാഅത്ത് രൂപീകരണത്തിനു ശേഷം മൗദൂദി എനിക്കെഴുതി: താങ്കൾ ദൂരദേശത്തായിരുന്നതുകൊണ്ട് ജമാഅത്തെ ഇസ്‌ലാമി രൂപീകരണ സമ്മേളനത്തിലേക്ക് താങ്കളെ ക്ഷണിക്കാൻ സാധിച്ചില്ല. ഇപ്പോൾ ജമാഅത്ത് രൂപീകരണം നടന്നുകഴിഞ്ഞു. ഇനി അതിലെ ഒരംഗമെന്ന നിലക്ക് പ്രബോധനപ്രവർത്തനങ്ങൾ നിർവഹിച്ചുകൊണ്ടിരിക്കുക. പക്ഷേ, റങ്കൂണിൽ ഒരു പ്രവർത്തനവും നടത്താൻ എനിക്കു സാധിച്ചില്ല. യുദ്ധം മൂലം അവിടത്തെ സ്ഥിതിഗതികൾ വളരെ മോശമായിരുന്നു.

ചോദ്യം: റങ്കൂണിൽനിന്ന് എപ്പോഴാണ് താങ്കൾ മടങ്ങിയത്?

ഉത്തരം: 1941 ജൂണിലാണ് ഞാൻ റങ്കൂണിൽ എത്തിയിരുന്നത്. ഡിസംബറിൽ തന്നെ മടങ്ങുകയും ചെയ്തു. യുദ്ധം മൂലം അവിടത്തെ സ്ഥിതിഗതികൾ വളരെ മോശമായതിനാലാണ് നാട്ടിലേക്ക് തന്നെ പോന്നത്. തിരിച്ചെത്തിയ ഉടനെ മൗദൂദിക്ക് കത്തെഴുതി. 1946-ൽ മൗദൂദിയുടെ നിർദേശപ്രകാരം മൗലാനാ അബൂബക്കർ ഇസ്‌ലാഹി ബസ്തിയിലെ മദ്രസത്തുൽ ഇസ്‌ലാഹിൽ അധ്യാപകനായി ചേർന്നു. മൗലാനാ അഖ്തർ അഹ്സൻ ഇസ്‌ലാഹിയായിരുന്നു അവിടത്തെ പ്രധാനാധ്യാപകൻ. മദ്രസയുടെ മോശമായ സ്ഥിതിഗതികൾ നന്നാക്കിയെടുക്കാൻ വേണ്ടിയാണ് എന്നെ അയച്ചിരിക്കുന്നത്. നാലഞ്ചു മാസത്തിനു ശേഷം, സ്ഥിതിഗതികൾ നേരെയായാൽ, കേന്ദ്രത്തിലേക്കു തന്നെ തിരിച്ചുവിളിക്കുന്നതാണെന്ന് മൗദൂദി പറഞ്ഞിരുന്നു.

ചോദ്യം: സ്വാതന്ത്ര്യ സമരത്തിനു

വേണ്ടിയുള്ള പൊരാട്ടം ശക്തിപ്പെട്ടുകൊണ്ടിരുന്ന കാലത്താണല്ലോ ജമാഅത്തെ ഇസ്‌ലാമി രൂപീകരിച്ചത്. സ്വാതന്ത്ര്യ പ്രസ്ഥാനത്തോടുള്ള ജമാഅത്തിന്റെ നിലപാട് എന്തായിരുന്നു:

ഉത്തരം: 1941 സ്വാതന്ത്ര്യസമരം കൊടുമ്പിരികൊള്ളുന്ന കാലമായിരുന്നു. രാഷ്ട്രമൊന്നടങ്കം ഇംഗ്ലീഷ് ഭരണത്തിനെതിരെ പരസ്യമായി രംഗത്തിറങ്ങിയിരുന്നു. ഇംഗ്ലീഷുകാർക്ക് ഇന്ത്യയിലെ ദിവസങ്ങൾ എണ്ണപ്പെട്ടുകൊണ്ടിരിക്കയാണെന്ന കാര്യത്തിൽ ആർക്കും സംശയം ഉണ്ടായിരുന്നില്ല. ഇസ്‌ലാമിക പ്രസ്ഥാനം ഈ സമരത്തിലേക്കു കണ്ണും കെട്ടി ഇറങ്ങുന്നതിലുപരിയായി, മുസ്‌ലിം സമുദായത്തിന് സ്വാതന്ത്ര്യാനന്തരം അനുഭവപ്പെട്ടേക്കാവുന്ന രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക, വൈജ്ഞാനിക പ്രശ്നങ്ങളെക്കുറിച്ചു ചർച്ചചെയ്യാനും മുസ്‌ലിംകൾക്ക് ആവശ്യമായ നിർദേശങ്ങൾ നൽകാനുമാണ് ചെലവഴിച്ചത്. കാരണം, സ്വാന്ത്ര്യലബ്ദി ഏതാണ്ടുറപ്പായിക്കഴിഞ്ഞിരുന്നു. ഭാവിയിൽ മുസ്‌ലിംകൾ എന്തു നിലപാട് സ്വീകരിക്കണം എന്നതായിരുന്നു പ്രധാനം. ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപകൻ ഇക്കാര്യത്തിൽ സജീവ ശ്രദ്ധ പതിപ്പിച്ചു. അന്നത്തെ രാഷ്ട്രീയ സംഘടനകളുടെ ചിന്തകളും നിലപാടുകളും ഇസ്‌ലാമിക മനസ്സിന് ഉൾകൊള്ളാൻ കഴിയുന്നതായിരുന്നില്ല. മൗദൂദി തന്റെ നിലപാടുകൾ തർജുമാനുൽ ഖുർആനിൽ തുറന്നെഴുതിക്കൊണ്ടിരുന്നു. 'ഇസ്‌ലാം ഔർ മജൂദ സിയാസി കശ്മകശ്' എന്ന പുസ്തകത്തിൽ ഇതിന്റെ വിശദവിവരമുണ്ട്.

ചോദ്യം: വിഭജനത്തെക്കുറിച്ച് ജമാഅത്തിന്റെ നിലപാട് എന്തായിരുന്നു?

ഉത്തരം: ജമാഅത്ത് അടിസ്ഥാനപരമായി വിഭജനത്തിന് അനുകൂലമായിരുന്നില്ല. എന്നാൽ, വിഭജനം യാഥാർഥ്യമായപ്പോൾ ആ യാഥാർഥ്യത്തെ അംഗീകരിക്കാതിരിക്കുന്നത് ശരിയല്ലല്ലോ.

ചോദ്യം: വിഭജനത്തെ തുടർന്ന് മൗലാനാ മൗദൂദി, മിയാൻ തുഫൈൽ സാഹിബ്, നഈം സിദ്ദീഖി, അമീൻ അഹ്സൻ ഇസ്‌ലാഹി തുടങ്ങിയ താങ്കളുടെ അടുത്ത ആളുകളെല്ലാം പാക്കിസ്ഥാനിലേക്കു പോയപ്പോഴും താങ്കൾ ഇന്ത്യയിൽ തന്നെ നിൽക്കാൻ തീരുമാനിച്ച സാഹചര്യമെന്തായിരുന്നു?

ഉത്തരം: 1947 ആഗസ്റ്റിൽ ഞാൻ പഠാൻകോട്ടുണ്ടായിരുന്നില്ല. അന്നവിടെ ആയിരുന്നെങ്കിൽ ഒരുപക്ഷേ, ഞാനും പാക്കിസ്ഥാനിലെത്തുമായിരുന്നു. മൗദൂദിയുടെ നിർദേശപ്രകാരം ഞാൻ മദ്രസത്തുൽ ഇസ്‌ലാഹിൽ സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുന്നതിനിടയിലാണ് വിഭജനമുണ്ടായത്. പിന്നീട് പല സുഹൃത്തുക്കളും എന്നെ പാക്കിസ്ഥാനിലേക്ക് ക്ഷണിച്ചിട്ടുണ്ട്. പക്ഷേ അതെല്ലാം ഞാൻ നിരസിക്കുകയാണ് ചെയ്തത്.

ചോദ്യം: ജമാഅത്തെ ഇസ്‌ലാമിയുടെ ലക്ഷ്യം ആദ്യം 'ഹുകൂമത്തെ ഇലാഹിയ്യ' (ദൈവിക ഭരണം)യുടെ സംസ്ഥാപനമായിരുന്നല്ലോ. പിന്നീടെപ്പോഴാണ് 'ഇഖാമത്തുദ്ദീൻ' (ദീനിന്റെ സംസ്ഥാപനം) എന്നാക്കി മാറ്റിയത്?

ഉത്തരം: വിഭജനാനന്തരം ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി രൂപീകരിച്ച ശേഷം ആദ്യം ചേർന്ന ശൂറാ യോഗത്തിൽ (1948) വെച്ചാണ് ഈ മാറ്റം വരുത്തിയത്. ഇത് വെറും പദപ്രയോഗത്തിലുള്ള ഒരു മാറ്റമായിരുന്നു. അർഥത്തിലോ ഉദ്ദേശ്യത്തിലോ ഒരു മാറ്റവും വരുത്തിയിട്ടില്ല. എന്തിനാണിങ്ങനെ മാറ്റിയതെന്ന് 1948-49ലെ ഭരണഘടനയിൽ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് പാക്കിസ്ഥാൻ ജമാഅത്തെ ഇസ്‌ലാമിയും ഇതേ മാർഗം സ്വീകരിക്കുകയുണ്ടായി.

ചോദ്യം: താങ്കൾ എപ്പോഴെങ്കിലും ജയിൽവാസം അനുഷ്ഠിച്ചിട്ടുണ്ടോ?

ഉത്തരം: രണ്ടേമുക്കാൽ വർഷം ജയിലിൽ കിടന്നിട്ടുണ്ട്. 1954-55 കാലത്തായിരുന്നു ആദ്യത്തെ ജയിൽവാസം. ദേശീയ സുരക്ഷാ ആക്ടിന്റെ പേരിൽ ഒരു വർഷം ഗോരഖ്പൂർ ജയിലിൽ കിടന്നു. പിന്നെ അടിയന്തരാവസ്ഥക്കാലത്ത് അഅ്സംഗഡ്, ബറേലി, നൈനിത്താൾ ജയിലുകളിലും. ഗോരഖ്പൂർ ജയിലിൽ വലിയ പ്രയാസമൊന്നുമുണ്ടായിരുന്നില്ല. ജയിലധികൃതർ മാന്യമായാണ് പെരുമാറിയത്. അടിയന്തരാവസ്ഥക്കാലത്ത് അൽപം ബുദ്ധിമുട്ടേണ്ടിവന്നു. ഇന്നേക്ക് ഇരുപത്തഞ്ചു വർഷമായി തുടരുന്ന രോഗമായിരുന്നു പ്രധാന കാരണം.

ജയിലനുഭവങ്ങൾ ഒരുപാടുണ്ട്. ചിലത് രസകരമെങ്കിൽ ചിലത് അനിഷ്ടകരം. ഈ അവസ്ഥയിൽ അതൊക്കെ എഴുതാൻ പ്രയാസമാണ്.

ചോദ്യം: ജമാഅത്തെ ഇസ്‌ലാമിയുടെ അമ്പത് വർഷത്തെ നേട്ടങ്ങൾ എന്തൊക്കെയാണ്?

ഉത്തരം: ആ നേട്ടങ്ങളുടെ പൂർണമായ റിക്കാർഡ് നിങ്ങളുടെ മുമ്പിൽതന്നെ ഉണ്ടല്ലോ.

ചോദ്യം: കേരള ജമാഅത്തെ ഇസ്‌ലാമി സ്ഥാപകനായ വി.പി. മുഹമ്മദലി സാഹിബിനെക്കുറിച്ചുള്ള താങ്കളുടെ ഓർമകൾ എന്തൊക്കെയാണ്?

ഉത്തരം: ഹാജി വി.പി. മുഹമ്മദലി സാഹിബ് എനിക്ക് എപ്പോഴും ഓർമവരുന്ന ജമാഅത്തെ ഇസ്‌ലാമിയുടെ സജീവ പ്രവർത്തകരിൽ ഒരാളാണ്. അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ. ഒരുപാട് നന്മകൾ സമ്മേളിച്ച ഒരു മഹാനായിരുന്നു അദ്ദേഹം. പ്രബോധന ബന്ധം, സംശുദ്ധി, സ്വഭാവമഹിമ എന്നിവയിലെല്ലാം അദ്ദേഹം ഒരു മഹാവ്യക്തിയായിരുന്നു. ഹാജിസാഹിബുമായുള്ള എന്റെ ആദ്യത്തെ കൂടിക്കാഴ്ച എപ്പോഴായിരുന്നു എന്ന് ഓർമയില്ല. 1948-ൽ ചേർന്ന കേന്ദ്ര ശൂറയിൽ അദ്ദേഹം ഉണ്ടായിരുന്നു.

തയാറാക്കിയത്: റഹീം ഓമശ്ശേരി